"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കടപ്പുറം ഗ്രാമപഞ്ചായത്തിന് കടപ്പുറം ഫെസ്റ്റ് എന്ന പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1908/2025/LSGD തീയതി,തിരുവനന്തപുരം, 02-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/12/2024-ലെ LSGD/PD/43429/2024/GEB4 നമ്പർ കത്തും, കടപ്പുറം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08/11/2024-ലെ 7-ാം നമ്പർ തീരുമാനവും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025-ലെ 4.20 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

കടപ്പുറം ഗ്രാമപഞ്ചായത്ത് ജനങ്ങളുടെ പരമ്പരാഗത മൂല്യങ്ങളെ പരിപോഷിപ്പിക്കുന്നതിനും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും മറ്റുമായി ഈ വർഷം കടപ്പുറം ഫെസ്റ്റ് എന്ന പരിപാടി നടപ്പാക്കുന്നു. പ്രതിഭകളെ ആദരിക്കൽ, കുടുംബശ്രീ വിപണനമേള, കുട്ടികൾക്കുള്ള വിനോദപരിപാടി, ശുചിത്വബോധവൽക്കരണം, കർഷകരുടെയും, മത്സ്യത്തൊഴിലാളികളുടെയും കൂട്ടായ്മ എന്നിവയാണ് ഈ പ്രോജക്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഈ പ്രോജക്ട് 2024-25-ൽ നടത്താൻ പ്രത്യേക അനുമതി നല്കണമെന്ന പരാമർശം (1)-ലെ ആവശ്യം പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു.

ഗ്രാമപഞ്ചായത്ത് 2024-25-ൽ ഈ പ്രോജക്ട് നടപ്പാക്കിയതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത്തരം ഫെസ്റ്റുകൾ നടത്തുമ്പോൾ വാടകയിനത്തിൽ വരുമാനമുണ്ടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

സെക്രട്ടറി, കടപ്പുറം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3210003).

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 02-08-2025 12:23:31

സെക്ഷൻ ഓഫീസർ.